**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 222** **23-01-2025 - ൽ മറുപടിയ്ക്ക്**

**എൻ.എച്ച്.എം. മുഖേന നിയമിതരായിട്ടുള്ള ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹെൽത്ത് മിഷൻ മുഖേന നിയമിതരായിട്ടുള്ള ജീവനക്കാരുടെ പ്രതിമാസ വേതനം പലപ്പോഴും വൈകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ആഗസ്റ്റ് 2023 വരെ നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാർക്കും കൃത്യമായി ശമ്പളം നൽകിയിരുന്നുവെങ്കിലും 2023-24 സാമ്പത്തിക വർഷം കേന്ദ്ര ഫണ്ടുകളൊന്നും തന്നെ സംസ്ഥാനത്ത് ലഭിച്ചിട്ടില്ല. എന്നാൽ ജീവനക്കാരുടെ ശമ്പളമില്ലാത്ത അവസ്ഥ മാനിച്ച് സംസ്ഥാന സർക്കാർ 215 കോടി രൂപ 2023-24 സാമ്പത്തികവർഷം അഡ്വാൻസ് സംസ്ഥാന വിഹിതമായി അനുവദിക്കുകയും തുടർന്ന്, കുടിശ്ശിക വരുത്താതെ, വൈകിയാണെങ്കിലും ശമ്പളം അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പുതുക്കിയ ശമ്പളം 2024 ജൂലൈ മുതൽ അനുവദിക്കുകയുണ്ടായി. കേന്ദ്രത്തിൽ നിന്നും അടുത്ത ഗഡു വരുന്ന മുറക്ക് ശമ്പള കുടിശിക അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) | ശമ്പളവും ആനുകൂല്യങ്ങളും വൈകുന്നതിന് ഇടയാകുന്ന സാഹചര്യം വിശദമാക്കുമോ; | (ബി) | 2024-25 സാമ്പത്തിക വർഷം ഇതുവരെ NHM ന് ആകെ ലഭിച്ച കേന്ദ്ര ഫണ്ട് 347.03 കോടി രൂപയാണ്. 26.07.2024 നാണ് ഈ സാമ്പത്തിക വർഷത്തെ ആദ്യ ഗഡുവായി 102.9 കോടി കേന്ദ്ര ഫണ്ട് ലഭിച്ചത്. ഒരുമാസം ശമ്പളവും ആശ ഇൻസെന്റീവും ഉൾപ്പെടെ ആകെ ആവശ്യമായ തുക ഏകദേശം 55 കോടി രൂപയാണ്. അതിനാൽ ഓരോ പ്രാവശ്യവും കേന്ദ്രമോ സംസ്ഥാനമോ ഫണ്ട് അനുവദിക്കുന്ന മുറയ്ക്കാണ് ശമ്പളം അനുവദിക്കാറുള്ളത്. |
| (സി) | നാഷണൽ ഹെൽത്ത് മിഷൻ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കേന്ദ്ര സർക്കാരിൽ നിന്നുള്ള അടുത്ത ഗഡു ഫണ്ട് ലഭ്യമാകുന്നതനുസരിച്ച എൻ എച്ച് എം ജീവനക്കാർക്കുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ശമ്പള പരിഷ്കരണ കുടിശിക വൈകുന്നതിനിടയാക്കുന്ന സാഹചര്യം | (ഡി) | 2023-24 ൽ കേന്ദ്ര സർക്കാരിൽ നിന്നുമുള്ള ഫണ്ട് ലഭിക്കാത്തതിനാലാണ് ശമ്പള പരിഷ്കരണ കുടിശ്ശിക |

| | | | |
|---|---|---|---|
| | വിശദമാക്കുമോ? | | നൽകാൻ കഴിയാത്തത്. 2024-25 ലെ ഫണ്ട് ലഭിക്കുന്നുണ്ടെങ്കിലും പരിമിതമായ തുകയാണ് ലഭിക്കുന്നത് അതിനാലാണ് ശമ്പള പരിഷ്കരണ കുടിശ്ശിക വൈകുന്നത്. കേന്ദ്ര സർക്കാരിൽ നിന്നുമുള്ള അടുത്ത ഫണ്ട് ലഭിക്കുന്നതനുസരിച്ച് ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ